

ദുബായിൽ നടന്ന ചടങ്ങിൽ ഹാൻകോ പ്രതിനിധി മെന അവാർഡ് ഏറ്റുവാങ്ങുന്നു.

# ...ുന്നു

വാൻ തുടങ്ങിയിരുന്നു. കയറ്റുമതിക്കാർ വൻതോതിൽ ഡോളർ വിറ്റഴിക്കാൻ തുടങ്ങിയതും നിക്ഷേപകരിൽ ആത്മവിശ്വാസം വർധിച്ചതുമാണ് രൂപയുടെ മൂല്യവർധനവിനിടയാക്കിയിട്ടുള്ളത്. ഓഹരി വിപണിയിലെ മുന്നേറ്റവും രൂപക്ക് ഗുണകരമായി മാറിയിട്ടുണ്ട്.

ഇന്നലെ സെൻസെക്സ് 287.56 പോയിന്റ് ഉയർന്ന് 24,409.30 ലും നിഫ്റ്റി 86.20 പോയിന്റ് ഉയർന്ന് 7,289.20 ലുമെത്തിയാണ് ക്ലോസ് ചെയ്തത്. വിദേശ ഫണ്ടിന്റെ ഒഴുക്കും പുതിയ രാഷ്ട്രീയ കാലാവസ്ഥയും ഇന്ത്യൻ വിപണിയിൽ ഇനിയും ചലനങ്ങൾ ഉണ്ടാക്കുമെന്നാണ് നിരീക്ഷകരുടെ വിലയിരുത്തൽ.

# ഹാൻകോക്ക് വീണ്ടും മെന അവാർഡ്

ജിദ്ദ– ഏറ്റവും മികച്ച റെന്റ് എ കാർ കമ്പനിക്കുള്ള 'മെന' അവാർഡിന് അൽ തലാത് ഇന്റർനാഷണൽ ട്രാൻസ്പോർട്ടേഷൻ കമ്പനി ലിമിറ്റഡ് (ഹാൻകോ) അർഹരായി. ഇത് എട്ടാം തവണയാണ് ഹാൻകോക്ക് ഈ അവാർഡ് ലഭിക്കുന്നത്.

ദുബായിൽ നടന്ന വർണാഭ ചടങ്ങിൽ അവാർഡും പ്രശസ്തി പത്രവും ഹാൻകോ പ്രതിനിധി മെന അവാർഡ് സംഘാടകരിൽനിന്ന് ഏറ്റുവാങ്ങി. ഉപയോക്താക്കളുടെ വോട്ടിനെ അടിസ്ഥാനമാക്കിയാണ് അവാർഡ് നിശ്ചയിക്കുന്നത്. മികവാർന്ന സേവനത്തിലൂടെ ഉപയോക്താക്കൾക്ക് സംതൃപ്തികരസ്ഥമാക്കാൻ കഴിഞ്ഞതാണ് ഹാൻകോയെ വീണ്ടും അവാർഡിന് അർഹരാക്കിയതെന്ന് ഹാൻകോ മാനേജ്മെന്റ് പറഞ്ഞു.